**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4184** **03-03-2023 - ൽ മറുപടിയ്ക്ക്**

**അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം കോർപ്പറേഷൻ പരിധിയിൽ നടപ്പിലാക്കി വരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) | അമൃത് പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊല്ലം കോർപ്പറേഷന് ആകെ 292.93 കോടിയുടെ 56 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 45 പദ്ധതികൾ പൂർത്തീകരിച്ച 100.13 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.<br><br>ജലവിതരണ മേഖലയിലെ 132.54 കോടി രൂപയുടെ 17 പദ്ധതികളിൽ 13 പദ്ധതികൾ പൂർത്തീകരിച്ച ടി മേഖലയിൽ നാളിതുവരെ 61.99 കോടി രൂപ ചെലവഴിച്ചു. സ്വിവറേജ്, സെപ്റ്റേജ് മേഖലകളിലെ 125.52 കോടി രൂപയുടെ 3 പദ്ധതികൾ നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്. ടി മേഖലയിൽ നാളിതുവര 8.90 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോം വാട്ടർ ഡ്രെയിനേജ് മേഖലയിൽ 23.36 കോടി രൂപയുടെ 20 പദ്ധതികളിൽ 18 പദ്ധതികൾ പൂർത്തീകരിച്ചു. ടി മേഖലയിൽ നാളിതുവരെ 20.77 കോടി രൂപ ചെലവഴിച്ചു. അർബൻ ട്രാൻസ്പോർട്ട് മേഖലയിൽ 8.41 കോടി രൂപയുടെ 9 പദ്ധതികളിൽ 7 പദ്ധതികൾ പൂർത്തീകരിച്ചു.5.39 കോടി രൂപ നാളിതുവരെ ടി മേഖലയിൽ ചെലവഴിച്ചു. പാർക്ക് മേഖലയിൽ 3.09 കോടി രൂപയുടെ 7 പദ്ധതികളും പൂർത്തീകരിച്ചു.<br><br>അമൃത് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടിവെള്ള വിതരണം, സ്വിവറേജ് മേഖലകൾക്കായി കൊല്ലം കോർപ്പറേഷൻ 296.70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. (കുടിവെള്ള വിതരണം - 1 20 കോടി രൂപ, സ്വിവറേജ് - 69.57 കോടി രൂപ, ഫ്ളോട്ടിംഗ് ഇൻസെന്റീവ് ഇനത്തിൽ 107.13 കോടി രൂപ)<br><br>അമൃത് പദ്ധതി 2.0- യുടെ സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ I-ന്റെ ആദ്യ ഗഡുവിൽ ഉൾപ്പെടുത്തി കൊല്ലം കോർപറേഷന്റെ 235.326 കോടി രൂപയുടെ (Capital Expenditure + Operation & Maintenance) 10 |

| | | | |
|---|---|---|---|
| | | | ജലവിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ